STATE POLICE MEDIA CENTRE
KERALA

Police Headquarters
Vazhuthacaud
Thiruvananthapuram - 695010
0471 2318188
info.pol@kerala.gov.in
statepolicemediacentre

No.558/PR/SPMC/PHQ/2021 Date :13.12.2021

## കേരള പോലീസ് സോഷ്യൽ മീഡിയ വിഭാഗത്തിന്റെ

## കോവിഡ് അവബോധ പ്രവർത്തനങ്ങൾക്ക് ദേശീയ ഇ-ഗവേണൻസ് അവാർഡ്

ഇ-ഗവേണൻസ് രംഗത്തെ നൂതന ആശയങ്ങൾക്കും സംരംഭങ്ങൾക്കുമായി കേന്ദ്ര സർക്കാർ ഏർപ്പെടുത്തിയ ദേശീയ ഇ-ഗവേണൻസ് പുരസ്കാരം കേരളാ പോലീസിന്റെ സോഷ്യൽ മീഡിയാ വിഭാഗത്തിന്.

വാർത്താവിനിമയം, വിവര സാങ്കേതികവിദ്യ എന്നിവയുപയോഗിച്ചു കേരളാ പോലീസ് സോഷ്യൽ മീഡിയാ വിഭാഗം നടത്തിയ കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾക്കാണ് ഈ മേഖലയിലെ മികവിന് സ്വർണ്ണപ്പതക്കം ലഭിച്ചത്. ജനുവരി ഏഴ്, എട്ട് തീയതികളിൽ ഹൈദരാബാദിൽ നടക്കുന്ന ചടങ്ങിൽ അവാർഡ് വിതരണം ചെയ്യും. പോലീസ് ആസ്ഥാനത്തെ എ.ഡി.ജി.പി മനോജ് എബ്രഹാമിന്റെ നേരിട്ടുള്ള നിയന്ത്രണത്തിലാണ് സോഷ്യൽ മീഡിയ വിഭാഗം പ്രവർത്തിക്കുന്നത്.

സർക്കാർ വകുപ്പുകൾ, പൊതുമേഖലാ സ്ഥാപനങ്ങൾ തുടങ്ങിയവ നൂതനവും ജനോപകാരപ്രദവുമായ സേവനങ്ങൾ വികസിപ്പിക്കുന്നത് പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായാണ് കേന്ദ്രസർക്കാർ ഇ-ഗവേണൻസ് അവാർഡ് ഏർപ്പെടുത്തിയിരിക്കുന്നത്.

ലോക്ഡൗൺ കാലത്ത് ഡിജിറ്റൽ സാങ്കേതികവിദ്യ ഉപയോഗിച്ച് പകർച്ചവ്യാധി വ്യാപനത്തിനെതിരെ കാര്യക്ഷമ മായ ബോധവത്ക്കരണ പ്രവർത്തനങ്ങളാണ് പോലീസ് സോഷ്യൽ മീഡിയ വിഭാഗം ചെയ്തത്. പോസ്ററുകൾ, വീഡിയോ എന്നിവയുൾപ്പെടെ ജനങ്ങളിൽ കോവിഡ് അവബോധം സൃഷ്ടിക്കുന്നതിന് അതീവ പ്രാധാന്യം നൽകിയായിരുന്നു ബോധവത്ക്കരണം. ജനങ്ങൾക്കിടയിൽ പരിഭ്രാന്തി ഉണ്ടാക്കുന്ന രീതിയിൽ രോഗവ്യാപനവുമായി ബന്ധപ്പെട്ട് വ്യാജവാർത്തകൾ പ്രചരിപ്പിക്കുന്നതിനെതിരെ അതിശക്തമായ ക്യാമ്പയിനുകളും നടത്തി.

അടച്ചിടൽ കാലത്ത് പൊതുജനങ്ങൾ ഏറെ ആശ്രയിച്ച ബി-സെയ്ഫ് പാസ്, ഷോപ്പിംഗ് ആപ്പ്, ടെലിമെഡിസിൻ ആപ്പ് എന്നിവ പരിചയപ്പെടുത്തുന്നതിനും സുഗമമമായി ഉപയോഗിക്കുന്നതിനുമുള്ള നിർദ്ദേശങ്ങളും സോഷ്യൽമീഡിയ വഴി നൽകാൻ പ്രത്യേക ശ്രദ്ധചെലുത്തി. സാങ്കേതിക വിദ്യ ഉപയോഗിച്ച് കോവിഡ് മഹാമാരിക്കെതിരെ പോരാടുന്നതിനായി CODE-

VID-19 എന്ന പേരിൽ നടത്തിയ ഹാക്കത്തോണും ശ്രദ്ധേയമായി. പോലീസിന്റെ മൊബൈൽ ആപ്പായ പോൽ-ആപ്പ് വഴിയുള്ള സേവനങ്ങൾ ഏറെ ജനകീയമാക്കാനും സോഷ്യൽ മീഡിയ വിഭാഗത്തിന് കഴിഞ്ഞു.

സർക്കാർ സംവിധാനങ്ങളുടെ പരമ്പരാഗത പൊതുജനസമ്പർക്ക രീതികളിൽ നിന്ന് വ്യത്യസ്തമായി നവമാധ്യമങ്ങളിലൂടെയുള്ള ജനകീയ ഇടപെടലിന് നടത്തിയ മാതൃകാപരമായ പ്രവർത്തനങ്ങളും അവാർഡ് നിർണയത്തിന് പരിഗണിച്ചു. പോലീസിന്റെ മാർഗ്ഗനിർദേശങ്ങളും മുന്നറിയിപ്പുകളും ട്രാഫിക്, സൈബർ സംബന്ധമായ ബോധവൽക്കരണവും നിയമകാര്യങ്ങളും തുടങ്ങി ജനങ്ങൾക്ക് പ്രയോജനകരമായ വിവരങ്ങൾ പോലീസിന്റെ നവമാധ്യമങ്ങളിലൂടെ നൽകി വരുന്നു.

ട്രോളുകളിലൂടെയും വീഡിയോകളിലൂടെയും രസകരമായ മറുപടികളിലൂടെയും മലയാളി മനസുകളെ കീഴടക്കിയ കേരള പോലീസിന്റെ ഔദ്യോഗിക ഫേസ്ബുക് പേജ് 18 ലക്ഷം ഫോളോവേഴ്സുമായി ലോകത്തെ സ്റ്റേറ്റ് പോലീസ് ഫേസ്ബുക് പേജുകളിൽ മുൻനിരയിലാണ്.

*************************